കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പെൻഷൻ ഫണ്ടിലേക്ക് അനുവദിച്ച തുക പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് നഗരസഭകളുടെ തനത്ഫണ്ടിൽനിന്നും ചെലവഴിച്ച തുക തനത്ഫണ്ടിലേക്ക് തിരിച്ചുപിടിക്കുന്നതിന് കൂടി ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 405/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 13/02/2014

പരാമർശം: 24/9/2013 ലെ സ.ഉ(സാധാ) നം.2366/13/തസ്വഭവ

ഉത്തരവ്

പരാമർശമായി വായിച്ച ഉത്തരവ് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട കുടിശ്ശിക പരിഹരിക്കുന്നതിന് മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് മുനിസിപ്പാലിറ്റികൾക്ക് വിതരണം ചെയ്യുന്നതിനായി 70 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ/റിട്ടയർമെൻറ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് മാത്രമേ ചെലവഴിക്കാവൂ എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വിഹിതം പ്രതീക്ഷിച്ച് പല മുനിസിപ്പാലിറ്റികളും പെൻഷൻ വിതരണത്തിനായി തങ്ങളുടെ തനതു ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പെൻഷൻ വിതരണത്തിനായി പരാമർശമായി വായിച്ച ഉത്തരവു പ്രകാരം അനുവദിച്ച തുകയിൽ നിന്നും തങ്ങൾ പെൻഷൻ വിതരണത്തിനായി തനതു ഫണ്ടിൽ നിന്നും ഇതിനോടകം ചെലവഴിച്ച തുക തിരികെ പിടിക്കുന്നതിന് അനുവദിക്കണമെന്ന് പല മുനിസിപ്പാലിറ്റികളും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവു പുറപ്പെടുവിക്കുന്നു.

മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി വിവിധ മുനിസിപ്പാലിറ്റികൾക്ക് പരാമർശമായി വായിച്ച ഉത്തരവ് പ്രകാരം അനുവദിച്ച തുക ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ പെൻഷൻ ആനുകൂല്യങ്ങളുടെ വിവരണവുമായി ബന്ധപ്പെട്ട് കുടിശ്ശികയൊന്നും നിലവിലില്ല എന്ന് ലോക്കൽ ഫണ്ട് വകുപ്പ് സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ, അതതു മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ പെൻഷൻ വിതരണത്തിനായി തനതു ഫണ്ടിൽ നിന്നും ഇതിനോടകം ചെലവഴിച്ച തുക തിരികെ പിടിക്കുന്നതിന് അനുമതി നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ /കോർപ്പറേഷൻ സെക്രട്ടറിമാർക്കും
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ